"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ്- കുടുംബശ്രീ- ജീവനക്കാര്യം - ശ്രീ. പ്രശാന്ത് ബാബു.ജെ-യുടെ (സീനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ആലപ്പുഴ) കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1654/2022/LSGD തീയതി,തിരുവനന്തപുരം, 12-07-2022

---

പരാമർശം:-

1. 10.05.2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം.580/2013/ധന നം. ഉത്തരവ്.
3. 07.03.2019 തീയതിയിലെ സ.ഉ.(സാധാ) നം.542/2019/തസ്വഭവ നം. ഉത്തരവ്.
4. 05.01.2021 തീയതിയിലെ സ.ഉ.(സാധാ) നം.30/2021/തസ്വഭവ നം. ഉത്തരവ്.
5. 12.11.2021 തീയതിയിലെ സ.ഉ.(സാധാ) നം.2262/2021/തസ്വഭവ നം. ഉത്തരവ്.
6. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.06.2022 ലെ 2604/ഇ1/2019/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്-ലെ സീനിയർ സൂപ്രണ്ട് ആയ ശ്രീ. പ്രശാന്ത് ബാബു.ജെ-യെ പരാമർശം (3) ലെ ഉത്തരവ് പ്രകാരം കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷൻ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. ടിയാളുടെ അന്യത്രസേവന കാലാവധി 06.06.2022 ൽ അവസാനിച്ചതായും 07.06.2022 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (6) ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പ്രശാന്ത് ബാബു.ജെ-യുടെ കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 07.06.2022 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH K R
അണ്ടർ സെക്രട്ടറി

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,തിരുവനന്തപുരം.

ശ്രീ. പ്രശാന്ത് ബാബു.ജെ, സീനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്,

ആലപ്പുഴ(പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം. മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഐ.എ1/248/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

**Signed by Vijitha M B**
**Date: 12-07-2022 14:44:53**
സെക്ഷൻ ഓഫീസർ